**ആരോഗ്യവകുപ്പ് ഡയറക്ടറുടെ കാര്യാലയത്തിലെ**
**അഡീഷണൽ ഡയറക്ടറുടെ (എ & ടി) നടപടിക്രമം**

---

വിഷയം:- ആവഡ- ഫീഡർ തസ്തികയിൽ നിന്നും ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് – II തസ്തികയിലേക്ക് തസ്തികമാറ്റം വഴി (ബൈ ട്രാൻസ്ഫർ) നിയമനത്തിനർഹതയുള്ള ഫീഡർ വിഭാഗം ജീവനക്കാരുടെ 01/08/2025 മുതൽ 30/04/2026 വരെയുള്ള സീനിയോറിറ്റി പട്ടികയിൽ ശ്രീമതി. പ്രസീത ഫെർണാണ്ടസ്-നെ ഉൾപ്പെടുത്തി അന്തിമ ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:- 1. ഉത്തരവ് നമ്പർ ആവഡ/9002/ഇ എൽ 3 തീയതി 13/07/2026

2. കാസർഗോഡ് ജില്ലാ മെഡിക്കൽ ഓഫീസറുടെ കത്ത് നമ്പർ എ4 ജി മെ ആ കാസർഗോഡ് /2899/2026- തീയതി 04/08/2026

3. നോട്ടീസ് നമ്പർ ആവഡ/9002/2026 - ഇ എൽ 3 തീയതി 13/08/2026

**ഉത്തരവ് നം: ആവഡ/9002/2026 - ഇ എൽ 3 തീയതി:** 08-09-2026

---

ഫീഡർ തസ്തികയിൽ നിന്നും ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് – II തസ്തികയിലേക്ക് തസ്തികമാറ്റം വഴി (ബൈ ട്രാൻസ്ഫർ) നിയമനത്തിനർഹതയുള്ള ഫീഡർ വിഭാഗം ജീവനക്കാരുടെ 01/08/2025 മുതൽ 30/04/2026 വരെയുള്ള സീനിയോറിറ്റി പട്ടിക മേൽ പരാമർശം (1) പ്രകാരം പ്രസിദ്ധീകരിച്ചിരുന്നു. കാസർഗോഡ് ജനറൽ ആശുപത്രിയിലെ ആശുപത്രി അറ്റന്റഡന്റ് തസ്തികയിൽ ജോലി ചെയ്യുന്ന ശ്രീമതി. പ്രസീത ഫെർണാണ്ടസ് പ്രസ്തുത സീനിയോറിറ്റി പട്ടികയിൽ ഉൾപ്പെടുത്തുന്നതിനായി മേൽ പരാമർശം (2) പ്രകാരം കാസർഗോഡ് ജില്ലാ മെഡിക്കൽ ഓഫീസർ മുഖേന അപേക്ഷ സമർപ്പിച്ചിരിക്കുന്നു.

ശ്രീമതി. പ്രസീത ഫെർണാണ്ടസ് 28/12/2022 ൽ ആരോഗ്യവകുപ്പിൽ ആശുപത്രി അറ്റന്റഡന്റ് ആയി ജോലിയിൽ പ്രവേശിച്ചിട്ടുള്ളതും DHIC കോഴ്സ് ജനുവരി 2026-ൽ പാസ്സായിട്ടുള്ളതുമാണ്. അപേക്ഷ പരിശോധിച്ചതിൽ നിന്നും ശ്രീമതി. പ്രസീത ഫെർണാണ്ടസ്-നെ പരാമർശം (1) പ്രകാരം ഫീഡർ തസ്തികയിൽ നിന്നും ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് – II തസ്തികയിലേക്ക് തസ്തികമാറ്റം വഴി (ബൈ ട്രാൻസ്ഫർ) നിയമനത്തിനർഹതയുള്ള ഫീഡർ വിഭാഗം ജീവനക്കാരുടെ 01/08/2025 മുതൽ 30/04/2026 വരെയുള്ള സീനിയോറിറ്റി പട്ടികയിൽ 10 A എന്ന റാങ്ക് നമ്പർ നൽകി താത്കാലികമായി ഉൾപ്പെടുത്തി മേൽ പരാമർശം (3) പ്രകാരം നോട്ടീസ് പുറപ്പെടുവിച്ചിരുന്നു.

ടി നോട്ടീസിന്മേൽ നാളിതുവരെ ആക്ഷേപങ്ങളൊന്നും ലഭിച്ചിട്ടില്ല. ആയതിന്റെ അടിസ്ഥാനത്തിൽ കാസർഗോഡ് ജനറൽ ആശുപത്രിയിലെ ആശുപത്രി അറ്റന്റഡന്റ് തസ്തികയിൽ ജോലി ചെയ്യുന്ന ശ്രീമതി. പ്രസീത ഫെർണാണ്ടസ് -ന് പരാമർശം (1) പ്രകാരം ഫീഡർ തസ്തികയിൽ നിന്നും ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് – II തസ്തികയിലേക്ക് തസ്തികമാറ്റം വഴി (ബൈ ട്രാൻസ്ഫർ) നിയമനത്തിനർഹതയുള്ള ഫീഡർ വിഭാഗം ജീവനക്കാരുടെ 01/08/2025 മുതൽ 30/04/2026 വരെയുള്ള സീനിയോറിറ്റി പട്ടികയിൽ 10 A എന്ന റാങ്ക് നമ്പർ അനുവദിച്ചു നൽകിയ താത്കാലിക തീരുമാനം സ്ഥിരീകരിച്ചു ഇതിനാൽ ഉത്തരവാകുന്നു.

വിശദമായ പട്ടിക അനുബന്ധമായി ചേർക്കുന്നു.

**DR SHINU K S**
**ADDITIONAL DIRECTOR OF HEALTH SERVICES**

സ്വീകർത്താവ്:-

ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം) കാസർഗോഡ്
(ആരോഗ്യവകുപ്പ് ഡയറക്ടറുടെ വെബ് സൈറ്റ് മുഖേന).

Digitally signed by
Shinu K S
Date: 08-09-2026
13:42:35

പകർപ്പ്:-

1. ശ്രീമതി. പ്രസീത ഫെർണാണ്ടസ്

   ആശുപത്രി അറ്റന്റഡന്റ് , ജനറൽ ആശുപത്രി, കാസർഗോഡ്.

2. സൂപ്രണ്ട്, ഇ ജി സെക്ഷൻ

3. ഫയൽ/ കരുതൽ ഫയൽ

# ANNEXURE

## INCLUSION IN THE SENIORITY LIST FOR BY TRANSFER PROMOTION TO THE POST OF JUNIOR HEALTH INSPECTOR GR.II AMONG THE FEEDER CATEGORIES FOR THE PERIOD FROM 01/08/2025 TO 30/04/2026 ISSUED VIDE ORDER NO.DHS/9002/2026- EL3 DATED 13/07/2026

| SL. NO. | NAME & PEN | DATE OF BIRTH | DESIGNATION | DATE OF ENTRY IN SERVICE | PRESENT STATION | SCALE OF PAY | QUALIFICA TION | DATE ASSIGNED FOR SENIORITY | RANK NO. IN THE SENIORITY LIST |
|---|---|---|---|---|---|---|---|---|---|
| 1 | PRASEETHA FERNANDEZ 933367 | 11.05.1988 | HOSPITAL ATTENDANT Gr. II | 28.12.2022 | GENERAL HOSPITAL, KASARGOD | 23000-50200 | PLUS TWO<br>DHIC JANUARY 2026 | 28.12.2022 | 10A |

Digitally signed by
Shinu K S
Date: 08-09-2026
13:41:48

**ADDITIONAL DIRECTOR OF HEALTH SERVICES ( A & T)**